# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മേയ് 18 | ദീപം 56 | നാളം 11 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# കലാപത്തീയുടെ കാണാപ്പുറങ്ങൾ



തോമസ് കുഴിഞ്ഞാലിൽ

ഏഴു വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ 'രത്നം' എന്നു വിശേഷിപ്പിക്കപ്പെടാറുള്ള മണിപ്പൂർ സംസ്ഥാനം ഇപ്പോൾ കലാപഭൂമിയായി മാറിയിരിക്കുന്നു. ജനങ്ങൾക്കിടയിൽ വളർന്നുവരുന്ന പരസ്പരവിശ്വാസമില്ലായ്മ അതിന്റെ എല്ലാ അതിരുകളും ഭേദിച്ചു പുറത്തുവന്നിരിക്കുന്നു. രണ്ടു വിഭാഗങ്ങൾ തമ്മിൽ ഒരു ദശകത്തിലേറെയായി നീണ്ടുനിന്ന തർക്കങ്ങളാണ് കലാപമായി രൂപാന്തരപ്പെട്ടത്.

പത്തുവർഷം നീണ്ട നിയമപോരാട്ടങ്ങൾക്കൊടുവിൽ മണിപ്പൂരിലെ ഭൂരിപക്ഷസമുദായമായ മെയ്തെയ് വിഭാഗത്തിനു പട്ടികവർഗപദവി നല്കാനുള്ള ഹൈക്കോടതിനിർദേശത്തിനെതിരേ കുകി, നാഗ, സൂമി തുടങ്ങിയ ഗോത്രവർഗവിഭാഗങ്ങൾ നടത്തിയ സമരങ്ങളാണു സംഘർഷത്തിൽ കലാശിച്ചത്. ഈ മേയ് മൂന്ന് ബുധനാഴ്ച വൈകുന്നേരം 'ആൾ ട്രൈബൽ സ്റ്റുഡന്റ്സ് യൂണിയൻ മണിപ്പൂർ' (എ റ്റി എസ് യു എം) നേതൃത്വത്തിൽ പത്തു ജില്ലാ ആസ്ഥാനങ്ങളിലായി നടത്തിയ, ആയിരക്കണക്കായ ഗോത്രവർഗക്കാർ പങ്കെടുത്ത റാലികൾക്കിടെ ഇരുവിഭാഗക്കാരും ഏറ്റുമുട്ടുകയായിരുന്നു. ചുരാചാന്ദ്പൂർ ജില്ലയിലുള്ള ന്യൂലാംകാ പട്ടണത്തിൽ സംസ്ഥാനമുഖ്യമന്ത്രി എൻ ബിരേൻസിങ് പങ്കെടുക്കാനിരുന്ന ഒരു പരിപാടിയുടെ വേദി കലാപകാരികൾ അഗ്നിക്കിരയാക്കി. പള്ളികളും ക്ഷേത്രങ്ങളുമടക്കമുള്ള ആരാധനാലയങ്ങളും നൂറുകണക്കിനു വാഹനങ്ങളും വീടുകളും തീയിട്ടു നശിപ്പിച്ചു. ഗോത്രവർഗമേഖലയിൽമാത്രം മുപ്പത്തിരണ്ടു ദൈവാലയങ്ങൾ തകർക്കപ്പെട്ടുവെന്നാണ് റിപ്പോർട്ടുകൾ. അരനൂറ്റാണ്ടു പഴക്കമുള്ള തുലോക് തിയോളജിക്കൽ സെമിനാരിയും അഗ്നിക്കിരയായ ക്രൈസ്തവസ്ഥാപനങ്ങളിൽപ്പെടും. ആദ്യദിവസത്തെ അക്രമങ്ങളിൽ ആറുപേർ കൊല്ലപ്പെടുകയും നിരവധിപേർക്കു പരിക്കേൽക്കുകയും ചെയ്തു.

ജനസംഖ്യയിൽ 53 ശതമാനം വരുന്ന മെയ്തെയ് വിഭാഗക്കാരിൽ ഭൂരിഭാഗവും താഴ്‌വരകളിലെ താമസക്കാരാണ്. സംസ്ഥാനതലസ്ഥാനമായ ഇംഫാലും താഴ്‌വരയിലാണു സ്ഥിതിചെയ്യുന്നത്. സംസ്ഥാനത്തിന്റെ 90 ശതമാനം വരുന്ന പർവതമേഖലകളിൽ സ്ഥലം വാങ്ങാനും വീടുവയ്ക്കാനും പട്ടികവർഗക്കാർക്കുമാത്രമേ അനുവാദമുള്ളൂ. ഹൈക്കോടതി ഉത്തരവുപ്രകാരം പട്ടികവർഗപദവി ലഭിക്കുന്ന മെയ്തെയ് വിഭാഗങ്ങൾക്കു മലയോരമേഖലകളിലേക്കു യഥേഷ്ടം കുടിയേറാനാകും. ഇതിനുമുന്നോടിയായി വനമേഖലകളിൽ സർക്കാർ നടത്തിയ സർവേകളും, അനധികൃതമായി സർക്കാർഭൂമിയിൽ സ്ഥാപിച്ചുവെന്നാരോപിച്ചു മൂന്നു ദൈവാലയങ്ങൾ ഇടിച്ചുനിരത്തിയതും ഗോത്രവർഗക്കാരായ കുകി, നാഗ, സൂമി വംശജരെ വല്ലാതെ ചൊടിപ്പിച്ചിരുന്നു.

ഭരണകക്ഷിനേതാക്കളുടെ പിന്തുണയോടെയാണ് അക്രമങ്ങളെല്ലാം നടക്കുന്നതെന്ന് ഗോത്രവർഗനേതാക്കൾ ആരോപിക്കുന്നു. കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരേ എഫ് ഐ ആർ തയ്യാറാക്കുകയോ അന്വേഷണത്തിന് ഉത്തരവിടുകയോ ചെയ്യുന്നില്ലെന്നും തങ്ങളെ അധിക്ഷേപിക്കുകയും മർദിക്കുകയും ആരാധനാലയങ്ങൾ തീവച്ചു നശിപ്പിക്കുകയും ചെയ്യുമ്പോഴും പോലീസുകാർ വെറും കാഴ്ചക്കാരായി മാറിനില്ക്കുകയാണെന്നും ആദിവാസികൾ പറയുന്നുണ്ട്. പലയിടങ്ങളിൽനിന്നും മോഷ്ടിച്ചെടുക്കുന്ന ആയുധങ്ങൾ നിരപരാധർക്കുനേരേ ചൂണ്ടുകയും കൊള്ളയും കൊള്ളിവയ്പ്പും തുടരുകയും ചെയ്യുന്നു. പോലീസിനുപോലും അപ്രാപ്യമായ സെമി ആട്ടോമാറ്റിക് റൈഫിളുമായി തെരുവുകളിൽ റോന്തുചുറ്റുന്ന അക്രമികളുടെ വീഡിയോചിത്രങ്ങൾ ഇക്കാര്യം തെളിയിക്കുന്നുവെന്നും അവർ അവകാശപ്പെടുന്നുണ്ട്. ജനങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും വളർത്തിയെടുത്താലേ തങ്ങൾക്കു നിലനില്പുള്ളു എന്നു വിശ്വസിക്കുന്ന രാഷ്ട്രീയക്കാർ, അവരുടെ ലക്ഷ്യം നേടുന്നതിന് ഏതറ്റംവരെയും പോകുമെന്നതിന് ഉത്തമദൃഷ്ടാന്തമായി മണിപ്പൂരിലെ സംഭവവികാസങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്.

▶4

# രാസലഹരിയിൽ മുങ്ങിത്താഴുന്നുവോ കേരളം?



ഡിജോ കാപ്പൻ

സിനിമാഷൂട്ടിങ് സെറ്റുകളിലെ ലഹരിയുപയോഗം സഹിക്കാനാവാതെ ചലച്ചിത്രനിർമാതാക്കൾതന്നെ അതിനെതിരായി പരസ്യമായി പ്രതികരിക്കാൻ നിർബന്ധിതരായതോടെ കേരളത്തിലെ മയക്കുമരുന്നുപയോഗവും അതു സംബന്ധിച്ച കുറ്റകൃത്യങ്ങളും പൊതുമണ്ഡലത്തിലെ ചർച്ചാവിഷയമായി മാറിയിരിക്കയാണ്.

കേരള സർവകലാശാല യുവജനോത്സവത്തിന്റെ ഉദ്ഘാടനവേദിയിൽ കേരളപോലീസിന്റെ ലഹരിക്കെതിരായ 'യോദ്ധാവ്' എന്ന ബോധവത്കരണപരിപാടിയുടെ അംബാസിഡർകൂടിയായ ചലച്ചിത്രനടനും സ്റ്റേജ് ഷോകളിലെ വിധികർത്താവും കൊമേഡിയനുമായ ടിനി ടോം സിനിമയിലെ വ്യാപകമായ ലഹരിയുപയോഗത്തെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ അമ്പരപ്പിക്കുന്നതായിരുന്നു. സഹപ്രവർത്തകരുടെ തെറ്റായ പോക്കിനെക്കുറിച്ച് സ്വയം വിമർശനാത്മകമായി പൊതുവേദിയിൽ പറയാൻ കാണിച്ച തന്റേടത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. ''ലഹരിക്ക് അടിമയായ ഒരു നടനെ ഈയിടെ കണ്ടു. അദ്ദേഹത്തിന്റെ പല്ലുകൾ പൊടിഞ്ഞുതുടങ്ങി. ലഹരി ഉപയോഗിക്കുന്നതുകൊണ്ട് അദ്ദേഹം നന്നായി അഭിനയിക്കുന്നുണ്ടെന്നു പലരും പറയുന്നു. ഇപ്പോൾ പല്ല്. അടുത്തത് എല്ലു പൊടിയും.'' ടിനി ടോം പറഞ്ഞു. തന്റെ മകനും സിനിമയിൽ അഭിനയിക്കാനാവസരം ലഭിച്ചെന്നും എന്നാൽ, സിനിമാഷൂട്ടിങ് സ്ഥലത്തെ ലഹരിയുപയോഗത്തെക്കുറിച്ചറിയാവുന്ന എന്റെ ഭാര്യ ''എനിക്ക് ഒരു മകനേയുള്ളു ഞാനവനെ വിടില്ലാ''യെന്ന് ഉറപ്പിച്ചു പറഞ്ഞുവെന്നും ടിനി വ്യക്തമാക്കി. ടിനി ടോം ഇങ്ങനെ പറഞ്ഞതിന്റെ പേരിൽ സിനിമാരംഗത്തെ പലരും അദ്ദേഹത്തെ ഒറ്റതിരിഞ്ഞ് ആക്രമിക്കുന്നതും കാണാനിടയായി.

എന്നാൽ, മലയാളസിനിമയിൽ ആരൊക്കെയാണ് ലഹരി ഉപയോഗിക്കുന്നതെന്നു വളരെ കൃത്യമായിത്തന്നെ അറിയാമെന്നാണ് ഫിലിം ചേംബർ പ്രസിഡന്റ് ജി. സുരേഷ്കുമാർ പറഞ്ഞത്. ഇക്കാര്യത്തിൽ സിനിമാ സെറ്റുകളിൽ ഇനിമുതൽ ഷാഡോ പൊലീസ് പരിശോധന ഉണ്ടാകുമെന്ന കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ കെ. സേതുരാമന്റെ അറിയിപ്പിനെ സ്വാഗതം ചെയ്യുന്നതായിരുന്നു ഫിലിം ചേംബർ പ്രസിഡന്റിന്റെ പ്രതികരണം. പൊലീസിന്റെ ഈ നടപടി നേരത്തേ വേണ്ടതായിരുന്നു. ലഹരിയുപയോഗം സിനിമാസെറ്റുകളിൽ ഉണ്ടെന്ന വിവരം ലഭിച്ചാൽ റെയ്ഡ് ഉൾപ്പെടെയുള്ള നടപടികളിലേക്കു നീങ്ങുമെന്നാണ് അറിയുന്നത്.

വർത്തമാനകാലത്ത് സിനിമാമേഖലകളിലെ നല്ലൊരു വിഭാഗം ആളുകളും അകാലത്തിൽ മരിക്കുന്നത് കരൾസംബന്ധമായ അസുഖം പിടിപെട്ടാണ്. എന്നാൽ, അഞ്ചുപത്തു വർഷം കഴിയുമ്പോൾ ഈ രംഗത്തുള്ളവരുടെ മരണകാരണത്തെക്കുറിച്ചു നാം കാണാനും കേൾക്കാനും പോകുന്നത് പല്ലും മറ്റ് ആന്തരികാവയങ്ങളും ദ്രവിച്ചുപോയതുമൂലം അനുഗൃഹീതകലാകാരൻ നമ്മെ വിട്ടുപിരിഞ്ഞു എന്നായിരിക്കും. അത്രയും മാരകമായ ലഹരിമരുന്നുകളാണ് ഇന്ന് ഉപയോഗിക്കപ്പെടുന്നത്.

▶8


പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ
പുതിയ ഷോറൂം
St. Thomas Art Gallery
പ്രവർത്തനമാരംഭിച്ചിരിക്കുന്നു.
സെന്റ് തോമസ്
ആർട്ട് ഗാലറി
കലയുടെ കലവറ
വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും

# കലാപത്തീയുടെ കാണാപ്പുറങ്ങൾ

ഒന്നാം പേജ് തുടർച്ച

കലാപത്തിൽ അറുപതുപേർ കൊല്ലപ്പെട്ടതായും 231 പേർക്കു ഗുരുതരമായി പരിക്കേറ്റതായും 1,700 വീടുകൾ അഗ്നിക്കിരയായതായും സർക്കാർവൃത്തങ്ങൾ അറിയിച്ചു. ഭരണഘടനയിലെ 355-ാം വകുപ്പു ചുമത്തി കലാപബാധിതപ്രദേശങ്ങളിലെങ്ങും നിരോധനാജ്ഞ നിലനില്ക്കുകയാണ്. കലാപം നിയന്ത്രിക്കാൻ സൈന്യത്തിന്റെയും സി.ആർ.പി.എഫ്, ആസാം റൈഫിൾസ് എന്നിവരുടെയും നിരവധി കമ്പനികളെയാണ് വിവിധയിടങ്ങളിൽ വിന്യസിച്ചിട്ടുള്ളത്. നിരോധനാജ്ഞ പ്രാബല്യത്തിലായ ജിരിബാം, കക്ചിംഗ്, തോബൽസ, ഇംഫാൽ വെസ്റ്റ്, ബിഷ്ണുപൂർ ജില്ലകളിലും ഗോത്രവർഗമേഖലകളായ ചുരാ-ചാന്ദ്പൂർ, കംഗ്പോക്പി, ടെംഗോപൽ ജില്ലകളിലും പട്ടാളം ഇറങ്ങി. കലാപരൂക്ഷമായ സ്ഥലങ്ങളിൽനിന്നു പതിനായിരങ്ങളെ സുരക്ഷിതസ്ഥാനങ്ങളിലേക്കു മാറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നു ഭരണകൂടം വെളിപ്പെടുത്തിയിട്ടുണ്ട്. "വളരെ ദൗർഭാഗ്യകരമായ അവസ്ഥയാണു സംസ്ഥാനത്തു സംജാതമായിരിക്കുന്നത്. സമൂഹത്തിനുണ്ടായ ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ടാണ് അക്രമസംഭവങ്ങൾ ഉണ്ടായിരിക്കുന്നത്. ഞങ്ങൾ ചർച്ചയ്ക്കു തയ്യാറാണ്. അക്രമത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അതിൽനിന്നു പിന്തിരിഞ്ഞാലേ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയൂ. അതിനാൽ, എല്ലാ നിയമസഭാമണ്ഡലങ്ങളിലും സമാധാനസമിതികളെ നിയോഗിക്കുകയാണ്," മുഖ്യമന്ത്രി എൻ ബിരേൻസിങ് പറഞ്ഞു. സംസ്ഥാനത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ഡോ. വിനീത് ജോഷിയെയും സുരക്ഷാ ഉപദേഷ്ടാവായി മുൻ സി ആർ പി എഫ് തലവൻ കുൽദീപ് സിങ്ങിനെയും കേന്ദ്ര ആഭ്യന്തരമന്ത്രാലയം നിയമിക്കുകയും ചെയ്തു.

ഗോത്രവർഗമേഖലളിൽനിന്ന് ആദിവാസികളെ കുടിയിറക്കി മെയ്തെയ് വംശജരെ കുടിയിരുത്താനുള്ള കുത്സിതശ്രമങ്ങൾ സംസ്ഥാനം ഭരിക്കുന്ന ബി ജെ പി സർക്കാർ ഫെബ്രുവരി മുതൽക്കേ തുടങ്ങിക്കഴിഞ്ഞിരുന്നുവെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിനെതിരേ ആദിവാസിസമൂഹം നൽകിയ നിരവധിയായ നിവേദനങ്ങൾ അവഗണിക്കപ്പെടുകയായിരുന്നു. കൈവശഭൂമിയിൽനിന്നു കുടിയിറക്കപ്പെട്ടവർക്കു നഷ്ടപരിഹാരം നൽകുകയോ നേരാംവണ്ണം പുനരധിവസിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും ഗോത്രവർഗനേതാക്കൾക്കു പരാതിയുണ്ട്. അറുപതംഗനിയമസഭയിൽ ഗോത്രവിഭാഗങ്ങൾക്കു പത്ത് എംഎൽഎ മാർ മാത്രമാണുള്ളത്. കംഗ്പോക്പി ജില്ലയിലുള്ള സംരക്ഷിതവനങ്ങളും വന്യജീവിസങ്കേതങ്ങളും കയ്യേറിയെന്നാരോപിച്ചു ഗോത്രവർഗമേഖലകളിൽനിന്ന് ആദിവാസികളെ കുടിയൊഴിപ്പിക്കവേ ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ ഏറ്റുമുട്ടലുകൾ നടന്നിരുന്നു. ഇംഫാലിലുള്ള ആദിവാസിക്കോളനിയിലെ വനഭൂമിയിൽ സ്ഥാപിച്ചിരുന്ന മൂന്നു കത്തോലിക്കാദൈവാലയങ്ങൾ ഏപ്രിൽ പതിനൊന്നാം തീയതിയാണ് ഇടിച്ചുനിരത്തിയത്. "അഗ്നിക്കിരയാക്കിയ ദൈവാലയങ്ങളിലെ തീ ഇപ്പോഴും അണഞ്ഞിട്ടില്ല. അവിടത്തെ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാകട്ടേയെന്നു പ്രാർഥിക്കുന്നു. ഏതു മതവിശ്വാസം സ്വീകരിക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിക്കുമുള്ളതാണ്. അധികാരത്തിലിരിക്കുന്ന സർക്കാരുകൾ ഇക്കാര്യം ഉറപ്പാക്കാൻ ബാധ്യസ്ഥവുമാണ്." ബെംഗലൂരു മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. പീറ്റർ മച്ചാഡോ ഓർമിപ്പിച്ചു. സി ബി സി ഐയും കെ സി ബി സിയും മണിപ്പൂരിലെ സ്ഥിതിഗതികളിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയും അക്രമങ്ങളെ അപലപിക്കുകയും ചെയ്തു. തന്റെ സംസ്ഥാനം കത്തിയെരിയുകയാണെന്നു ചൂണ്ടിക്കാട്ടി ബോക്സിങ് താരം മേരി കോം സമൂഹമാധ്യമങ്ങളിലൂടെ സഹായമഭ്യർത്ഥിച്ചു.

മണിപ്പൂർ സംസ്ഥാനത്തെ മുപ്പത്തിയാറുലക്ഷം ജനസംഖ്യയിൽ 40 ശതമാനം ഗോത്രവർഗവിഭാഗക്കാരാണ്. അവരിൽ 41 ശതമാനം ക്രിസ്തുമതവിശ്വാസികളും. കത്തോലിക്കാവിശ്വാസികൾ ഒരുലക്ഷത്തിലധികമുണ്ട്. മണിപ്പൂർ സംസ്ഥാനം മുഴുവൻ അതിരിടുന്ന ഇംഫാൽ രൂപതയുടെ പ്രഥമമെത്രാൻ കേരളീയനായ മാർ ജോസഫ് മിറ്റത്താനിയായിരുന്നു. 1995 ഓഗസ്റ്റ് ഒന്നാം തീയതി വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായാണ് ഇംഫാൽ രൂപതയെ അതിരൂപതയായി ഉയർത്തിയത്. മോസ്റ്റ് റവ. ഡോ. ഡൊമിനിക് ലുമോൺ ആണ് ഇപ്പോഴത്തെ മെത്രാപ്പോലീത്താ. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മിഷൻ രൂപതകളിൽ പ്രഥമസ്ഥാനമുള്ള ഇംഫാൽ അതിരൂപതയിലെ മിഷനറിമാരിലധികവും കേരളത്തിൽനിന്നുള്ളവരാണെന്നതിൽ നമുക്ക് അഭിമാനിക്കാം. 1958 ൽ മിഷനറിയായി ഇംഫാലിലെത്തിയ ആദ്യ ഇടവക വൈദികൻ ഫാ. ജോസഫ് കച്ചിറമറ്റമാണ്. ഫാ. മാത്യു പ്ളാത്തോട്ടം അടുത്ത വർഷവും, ഫാ. മാണി പാറൻകുളങ്ങര 1961 ലും മണിപ്പൂരിലെത്തി. നാല്പത്തിയാറ് ഇടവകകളുള്ള അതിരൂപതയിൽ 114 വൈദികർ സേവനം ചെയ്യുന്നു. 'ഡോട്ടേഴ്സ് ഓഫ് മേരി ഹെൽപ് ഓഫ് ക്രിസ്ത്യൻസ്' എന്ന സന്ന്യാസിനീസമൂഹം 1958 മുതൽ മണിപ്പൂരിൽ പ്രവർത്തനിരതരാണ്. സി എം സി, എഫ് സി സി, എസ് എ ബി എസ് തുടങ്ങിയ സന്ന്യാസിനീസമൂഹങ്ങളിലായി 361 സന്ന്യസ്തർ ആതുരാലയങ്ങളിലും വിദ്യാഭ്യാസമേഖലകളിലുമായി നിസ്വാർഥസേവനം ചെയ്യുന്നുണ്ട്. ഇതിനിടെ, ഇംഫാലിൽ കുടുങ്ങിയ കോഹിമ രൂപതയുടെ മുൻ ബിഷപ്പും കേരളീയനുമായ മാർ ജോസഫ് മുകാലയെയും ഏതാനും വൈദികരെയും കന്യാസ്ത്രീകളെയും സൈന്യം സുരക്ഷിതമായി നാഗാലാൻഡിൽ എത്തിച്ചതായി സഭാവൃത്തങ്ങൾ അറിയിച്ചതും ആശ്വാസവാർത്തയാണ്. മലയാളികളായ ഏതാനും സർവകലാശാലാവിദ്യാർഥികളെ നാട്ടിലെത്തിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. ഹൈന്ദവവിശ്വാസികൾ ഭൂരിപക്ഷമുള്ള മെയ്തെയ്യിലെ വർഗീയത ഒരു കാട്ടുതീപോലെ ആളിപ്പടരാതിരിക്കട്ടേയെന്നു പ്രത്യാശിക്കുകയും പ്രാർഥിക്കുകയും ചെയ്യാം. ഏറ്റവുമൊടുവിൽ ആരാധനാലയങ്ങൾക്കും ജനങ്ങൾക്കും സംരക്ഷണം നൽകാനും, വീടും സ്ഥലവും ഉപേക്ഷിച്ചു പലായനം ചെയ്തവരെ പുനരധിവസിപ്പിക്കാനുമുള്ള സുപ്രീംകോടതിയുടെ നിർദേശങ്ങളും ആശ്വാസം പകരുന്നുണ്ട്. ■

---

ബാലകഥ

കെ.കെ. പടിഞ്ഞാറപ്പുറം

## ബുദ്ധിതന്നെ ശക്തി

**സി**പ്പോസിംഹം അതേക്കുറിച്ചുതന്നെ ആലോചിച്ചു. അച്ഛൻ മരിക്കുംമുമ്പു പറഞ്ഞ വാക്കുകൾ: "മോനേ, സിപ്പോ കാട്ടിലെ രാജാവെന്ന ഗമയൊക്കെയുണ്ട്. മൃഗരാജാവ്. പക്ഷേ, നാട്ടിലെ മനുഷ്യൻ അജയ്യനാണ്. അവനെ സൂക്ഷിച്ചോണം ബുദ്ധിയൊള്ളോനാ..."

"ഓ... ബുദ്ധിയൊള്ളോൻ. അവൻ നമ്മുടെ കാട്ടിലോട്ടു വരട്ടെ കാണിച്ചു കൊടുക്കാം, നമ്മുടെ കഴിവ്." പെട്ടെന്ന് കുട്ടൻ കുറുക്കൻ സിംഹത്തിന്റെ മുന്നിലോടിയെത്തി. അയ്യോ! പെട്ടുപോയല്ലോ... തടിതപ്പണം.

"എന്താടാ നീ ഓടിപ്പാഞ്ഞു വരുന്നത്?"

"അടിയനെ ഒരു മനുഷ്യൻ കൊല്ലാൻ വന്നേ."

"ങേ മനുഷ്യനോ? അവൻ നമ്മുടെ മുന്നിലൊന്നു വരട്ടെ. നീ പേടിക്കണ്ട. രക്ഷിക്കാം. ഇവിടെ നിക്ക്."

കുട്ടൻകുറുക്കൻ പേടിച്ചു നിന്നു.

അപ്പോൾ കക്കൻകഴുത അതുവഴി ഓടിയെത്തി.

"എന്താടാ?"

"തമ്പുരാനേ, ഒരു ഇരുകാലി മനുഷ്യൻ എന്നെ വളർത്തി ചുമടെടുപ്പിച്ചു. ശരിക്കു ഭക്ഷണം തരത്തില്ല. എനിക്കു പ്രായമായി. എന്നെ കൊല്ലാനൊരുങ്ങിയപ്പോൾ ഞാൻ രക്ഷപ്പെട്ടോടി വന്നതാന്നേ..."

"ആ മനുഷ്യൻ ഇങ്ങോട്ടു വരുമോ... നമ്മുടെ ഈ കാട്ടിലേക്ക്...?"

"ചെലപ്പോ വരുവേ... എനിക്കു പേടിയാവുന്നു. തമ്പുരാൻ, എവിടേലും ഒളിക്കണം."

"ശ്ഛീ... പോടാ. എന്നാ പേടിത്തൊണ്ടാ നീ പൊക്കോടാ."

കഴുത പോയി.

കുറെക്കഴിഞ്ഞ് ഒരു കുതിരയും ഓടിപ്പിടഞ്ഞു വന്നു.

"എന്താടാ, പേടിച്ചീ വരവ്?"

"എന്റെ ഏമാൻ... എന്നെ കൊല്ലാനൊരുങ്ങി... ഒത്തിരിനാള് ഏമാനെ ചുമന്നു നടന്നു. വണ്ടി വലിച്ചു. ഞാനാകെ വലഞ്ഞു. ക്ഷീണിതനായി... ഇപ്പോ ഞാൻ കൊള്ളാത്തവനായി. കാണാൻ ഭംഗിയില്ലത്രേ! എന്നെ ഇറച്ചിക്കടക്കാരനു വിറ്റു. അയാളെന്നെ കൊല്ലുംമുമ്പ് രക്ഷപ്പെട്ടോടി വന്നതാ."

"പേടിക്കേണ്ട – നീ ഇവിടെ നിക്ക്. അവനൊന്നു വരുന്നതു കാണട്ടെ."

തിരുമേനീ മനുഷ്യൻ ബുദ്ധിമാനാ. നമ്മളെ തളയ്ക്കാൻ ഏതു തന്ത്രവും പ്രയോഗിക്കും."

"നീ മനുഷ്യനെ പുകഴ്ത്തുന്നല്ലേ?"

"അനുഭവംകൊണ്ടു പറയുകയാ തിരുമേനീ. മനുഷ്യൻ സൂത്രശാലിയാ... ഞാൻ പൊക്കോട്ടെ..."

"ങും... പോടാ നീ..."

വേറേ ചില മൃഗങ്ങൾകൂടി പേടിച്ചോടി സിംഹത്തിന്റെ മുമ്പിലെത്തി.

അവരൊക്കെ മനുഷ്യന്റെ ഉപദ്രവത്തിൽ പേടിച്ചെത്തിയവരാണ്. സിപ്പോ സിംഹം അവരെയൊക്കെ രക്ഷിക്കാമെന്നു പറഞ്ഞു.

ആ മൃഗങ്ങളൊക്കെ പോയി. സിപ്പോ സിംഹം മനുഷ്യനെ കാത്തു നിന്നു. കൂടെ കുട്ടൻകുറുക്കനുമുണ്ട്.

"തിരുമേനീ ഒരു ഇരുകാലി വരുന്നൊണ്ട്. മനുഷേൻ തന്നെ."

"വരട്ടെ, നമുക്കു ഹാപ്പിയായി ശാപ്പിടണം."

"അയാളുടെ കൈയിൽ ഒരു പെട്ടിയുണ്ടായിരുന്നു. ഇനി ബോംബോ മറ്റ് ആയുധങ്ങളോ ആണോ? മനുഷ്യനല്ലേ?"

"തിരുമേനീ അയാളുമായി സംസാരിക്കണം. ധീരനാണോന്നറിയണം. അവസാനം ശാപ്പാടാക്കാം."

"ങും."

സിംഹത്തെ കണ്ട് മരപ്പണിക്കാരൻ മഞ്ചൻ പകച്ചു. പക്ഷേ, കൂസിയില്ല. കുനിഞ്ഞില്ല. പേടിയടക്കി.

"കാട്ടിലെ മൃഗരാജാ നീണാൾ വാഴട്ടെ!" മഞ്ചൻ തല കുനിച്ചു വണങ്ങിയിട്ടു പറഞ്ഞു.

"നീയാണ് ഇരുകാലി മനുഷ്യൻ അല്ലേ? അജയ്യൻ. വല്യ ബുദ്ധിമാൻ."

"ഓ... അങ്ങനൊന്നുമില്ലേ... മൃഗരാജൻ നീണാൾ വാഴട്ടെ. ബുദ്ധരാജാ, ശക്തിരാജാ നീണാൾ വാഴട്ടെ..."



"നീ എവിടെപ്പോകുന്നു?"

അടിയൻ വീടുപണിയാൻ പോകുകാന്നേ."

"നമുക്കൊരു വീടുവേണം."

"തടിയൊക്കെ...?"

"കണ്ടില്ലേ ഇവിടെ കിടക്കുന്നത്. മുറിച്ചതടികൾ മനുഷേരു കട്ടോണ്ടു പോകാനിട്ടിരിക്കുകാ. നിങ്ങൾക്കു കണ്ണില്ലേ മനുഷ്യാ...? തിരുമേനിക്കു വേഗം വീടു പണിഞ്ഞു കൊടുക്ക്."

കുട്ടൻകുറുക്കൻ ദേഷ്യത്തിൽ പറഞ്ഞു.

മരപ്പണിക്കാരൻ മഞ്ചൻ തഞ്ചത്തിൽ തട്ടും മുട്ടും തുടങ്ങി. ഉളിയും കൊട്ടുവടിയും കൈവാളുമൊക്കെയുണ്ട്. ഉരുപ്പടി റെഡിയാക്കി. നല്ല തടിക്കാലുകൾ ചേർത്ത് അഴിയുണ്ടാക്കി. ആണിയടിച്ച് എല്ലാം ബലവത്താക്കി. മൂടിയുണ്ടാക്കി. നല്ലൊരു കൂടായി.

"മൃഗരാജൻ വീടിനകമൊക്കെയൊന്നു കണ്ടാലും."

സിപ്പോ സിംഹം തടിയഴിക്കൂടിനുള്ളിലേക്കു ചാടിക്കയറി. പെട്ടെന്ന് മഞ്ചൻ കൂടിന്റെ മൂടിയെടുത്തു വച്ചു. ആണിയടിച്ചു തുടങ്ങി.

"മനുഷ്യാ... നമുക്കിതിന്റകത്തു നിന്നുതിരിയാൻ സ്ഥലമില്ലല്ലോ. ചെറുതായിപ്പോയി..."

"തിരുമേനി നന്നേ കിടന്നേ."

സിപ്പോസിംഹം ചാഞ്ഞു കിടന്നു. അപ്പോൾ മഞ്ചൻ ആണിയടിച്ചു തീർത്തു.

"എന്റെ പണി കഴിഞ്ഞേ... മൃഗരാജാ ഞാൻ പോവുകാ എങ്ങനൊണ്ട് മനുഷ്യേന്റെ ബുദ്ധി?"

സിപ്പോസിംഹം അഴിക്കൂടിനുള്ളിൽപ്പെട്ടു വിഷമിച്ച് അലറി.

"തിരുമേനീ നോ രക്ഷ മനുഷ്യൻ കെണിപ്പണിതന്നു. മനുഷേരു ബുദ്ധിയൊള്ളോരുതന്നെ. അവിടെക്കെടക്ക്. രക്ഷപ്പെടാൻ പറ്റില്ല. ഞാൻ എന്റെ പാട്ടിനു പോകുകാ അല്ല പിന്നെ." ഇങ്ങനെ പറഞ്ഞിട്ട് കുട്ടൻ കുറുക്കൻ ഓടിപ്പോയി.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


ജ്ഞാനം സമ്പാദിക്കുകയാണ് സർവപ്രധാനം. എന്തു ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക.

സുഭാഷിതങ്ങൾ 4:7

**എഡിറ്റോറിയൽ**

## ജലദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ

**താ**നൂരിന്റെ തേങ്ങൽ അടുത്തകാലത്തൊന്നും അവസാനിക്കുമെന്നു തോന്നുന്നില്ല. അത്രയ്ക്കു ഹൃദയഭേദകമാണ് ആ ജലദുരന്തം. കേരളം കണ്ട വലിയ ദുരന്തങ്ങളിലൊന്നായി താനൂർ ബോട്ടപകടം ചരിത്രത്തിലിടം പിടിക്കുമ്പോൾ, അവശേഷിക്കുന്നത് അനാസ്ഥകളുടെ ഒരുപിടി ഓർമച്ചിത്രങ്ങളാണ്.

മലപ്പുറം താനൂർ ഒട്ടുംപുറം തൂവൽത്തീരത്ത് മേയ് ഏഴിനാണ് വിനോദയാത്രാബോട്ടുമുങ്ങി ആറുകുട്ടികളടക്കം 22 പേർ ദാരുണമായി മരിച്ചത്. താനൂർദുരന്തം കേരളത്തിന്റെ പൊതുനൊമ്പരമായി മാറുമ്പോൾ, ജലസഞ്ചാരത്തോടൊപ്പം യാത്ര ചേയ്യേണ്ട കുറെയേറെ സുരക്ഷിതത്വപാഠങ്ങളാണ് ബന്ധപ്പെട്ടവരടക്കമുള്ള പൊതുസമൂഹം ഗൗരവമായി ചർച്ച ചെയ്യേണ്ടത്. ഉത്തരവാദിത്വപ്പെട്ടവരുടെ കൃത്യവിലോപങ്ങളുടെ 'ഘോഷയാത്ര' ഉല്ലാസയാത്രകളുടെ താളം തെറ്റിച്ചതാണ് ചരിത്രത്തിലിന്നോളമുള്ള ജലദുരന്തങ്ങൾ വിളിച്ചറിയിക്കുന്നത്.

കേരളത്തിലെ ടൂറിസം മേഖലയുടെ മുഖമുദ്രയായി മാറുന്ന ഹൗസ്ബോട്ട് രംഗത്ത് മതിയായ സുരക്ഷാനിയമങ്ങളും സംസ്കാരബോധവും ഇല്ലാത്തത് നേരത്തേ ചർച്ചയായിരുന്നു. കേരളത്തിലെ ജലദുരന്തങ്ങൾ പലരൂപേണ ആവർത്തിക്കപ്പെട്ടിട്ടും അപകടസാധ്യതകൾ പ്രവചിക്കാൻ പോരുന്നത്ര വൈദഗ്ധ്യം നമ്മുടെ ഭരണകൂടത്തിനോ ടൂറിസം വകുപ്പിനോ ഇല്ലാതെ പോകുന്നത് നമ്മെ ലജ്ജിപ്പിക്കുന്നു! ഹൗസ്ബോട്ടുകളും ഉല്ലാസയാനങ്ങളും മതിയായ സുരക്ഷാജാഗ്രതയില്ലാതെയാണു പ്രവർത്തിക്കുന്നതെന്നും ഇതു വലിയ ദുരന്തങ്ങൾക്കു കാരണമായേക്കുമെന്നും ദുരന്തനിവാരണരംഗത്തു കാലങ്ങളായി പ്രവർത്തിക്കുന്ന മലയാളി മുരളി തുമ്മാരുകുടി ഈയിടെയും മുന്നറിയിപ്പു നൽകിയത് കേരളം കേൾക്കാതെ പോയി എന്നുതന്നെ വേണം പറയാൻ!

പല്ലന മുതൽ താനൂർവരെ കഴിഞ്ഞ പത്തു ദശാബ്ദത്തിനിടെ ചെറുതും വലുതുമായ 65 ജലദുരന്തങ്ങൾ കവർന്നത് അഞ്ഞൂറോളം ജീവനുകളാണ്. കടലിൽപോയ മത്സ്യത്തൊഴിലാളികൾ വള്ളംമറിഞ്ഞു മരിച്ചതും കായലിലും പുഴയിലും തോണിമുങ്ങി മരിച്ചതുമാണ് ഇതിലേറെയും. 1924 ജനുവരി 24 ന് കൊല്ലത്തുനിന്ന് കോട്ടയത്തേക്കുള്ള യാത്രയ്ക്കിടെ പല്ലനയാറ്റിൽ ബോട്ടുമുങ്ങി മലയാളത്തിന്റെ മഹാകവി കുമാരനാശാൻ അടക്കം 24 പേരാണ് മരിച്ചത്. 95 പേർക്കു കയറാവുന്ന ബോട്ടിൽ 151 യാത്രക്കാരാണ് അന്നുണ്ടായിരുന്നത്. 2007 ഫെബ്രുവരി 20 ന് തട്ടേക്കാട് വിനോദയാത്രയ്ക്കിടെ സ്കൂൾ കുട്ടികൾ സഞ്ചരിച്ച ബോട്ടുമുങ്ങി 18 പേരാണു മരിച്ചത്. അധികമാളുകളെ കയറ്റിയതായിരുന്നു അപകടകാരണം. 2002 ജൂലൈ 27 ന് കുമരകത്ത് ബോട്ടപകടത്തിൽ മരിച്ചതാകട്ടെ 29 പേർ. 2009 സെപ്റ്റംബർ 30 ന് തേക്കടിയിൽ യാത്രാബോട്ടുമുങ്ങി 45 വിനോദസഞ്ചാരികൾ മരിച്ചു. കേരളത്തിലെ ഏറ്റവും വലിയ ജലദുരന്തമായാണ് അതു റിപ്പോർട്ടു ചെയ്യപ്പെട്ടത്.

ബോട്ടിന്റെ അശാസ്ത്രീയമായ നിർമാണവും അനിയന്ത്രിതമായ ആളെണ്ണവും ലൈഫ് ജാക്കറ്റുകൾ ഇല്ലാത്തതും ഉണ്ടെങ്കിൽത്തന്നെ ധരിക്കാത്തതുമാണ് അപകടകാരണമായി അന്വേഷണസംഘങ്ങൾ കണ്ടെത്തുന്നത്. താനൂരിൽ അപകടത്തിൽപ്പെട്ട ബോട്ടിന് ലൈസൻസോ മതിയായ സുരക്ഷാരേഖകളോ ഉണ്ടായിരുന്നില്ല. മത്സ്യബന്ധനബോട്ട് രൂപമാറ്റം വരുത്തി വിനോദസഞ്ചാരത്തിന് ഉപയോഗിക്കുകയായിരുന്നുവെന്നും റിപ്പോർട്ടുണ്ട്.

താനൂർ ആവർത്തിക്കാതിരിക്കണമെങ്കിൽ ജലടൂറിസത്തിന് ഒരു സുരക്ഷാസംസ്കാരവും ജാഗ്രതാബോധവും ഉണ്ടായേ പറ്റൂ. ഇതിനു സുരക്ഷാവിദഗ്ധർമാത്രം ശ്രദ്ധിച്ചാൽ പോരാ, ഭരണതലപ്പത്തുള്ളവർമുതൽ യാത്രക്കാർവരെയുള്ളവർ നിയവും അച്ചടക്കവും പാലിക്കുന്നതിനും സുരക്ഷയെക്കുറിച്ച് ഒറ്റക്കെട്ടായി സംസാരിക്കുന്നതിനും തയ്യാറാകണം. മതിയായ സുരക്ഷാമുൻകരുതലുകൾ എടുക്കുന്നതു കുറച്ചിലാണെന്ന ചിന്താഗതികൾ തിരുത്തപ്പെടണം. വിനോദസഞ്ചാരവികസനത്തിന്റെ പേരിൽ ഉല്ലാസയാനവ്യവസായം അനിയന്ത്രിതമായി തഴച്ചുവളരുന്നതു നിലയ്ക്കു നിർത്തണം. സുരക്ഷാചട്ടങ്ങൾ കാറ്റിൽപ്പറത്തുന്ന ഉദ്യോഗസ്ഥരെയും സംരംഭകരെയും നിയമത്തിനു മുന്നിലെത്തിക്കാൻ ഭരണകൂടത്തിന് ഇച്ഛാശക്തിയുണ്ടാകണം. വിനോദസഞ്ചാരബോട്ടുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനു കുറ്റമറ്റ സംവിധാനവും സംസ്കാരവും രൂപപ്പെടുത്തുന്നതിനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞുവെന്ന് ബന്ധപ്പട്ടവരും പൊതുസമൂഹവും കണ്ണുതുറന്നു കാണേണ്ടതാണ്.

# സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ ആർട്ട് ഗാലറി പ്രവർത്തനമാരംഭിച്ചു



*സെന്റ് തോമസ് ആർട്ട് ഗാലറി പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിക്കുന്നു.*


പാലാ: സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിന്റെ ഭാഗമായി സെന്റ് തോമസ് ആർട്ട് ഗാലറി എന്ന പേരിൽ പുതിയ ഷോറൂം പ്രവർത്തനമാരംഭിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു. രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, രൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, രൂപത പ്രൊക്യുറേറ്റർ ഡോ. ജോസഫ് മുത്തനാട്ട് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

വിവിധ തരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവ കലാരൂപങ്ങളുടെയും ഛായാചിത്രങ്ങളുടെയും പ്രകൃതിദൃശ്യങ്ങളുടെയും സമ്പന്നമായ ശ്രേണി ആർട്ട് ഗാലറിയെ ആകർഷകമാക്കുന്നു. കൂടാതെ, ദൈവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോ ഫ്രെയിമുകളും ആർട്ട് ഗാലറിയിൽ ലഭ്യമാണ്.

സെന്റ് തോമസ് പ്രസ് മാനേജർ ഫാ. കുര്യൻ തടത്തിൽ, അസി. മാനേജർ ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുര, ബ്രദർ റീജന്റ് റിജു തുളുവനാനി, മാത്യു ഇ.എസ്., ജോഷി ജെ.യു., ജോർജ് കെ.എം. തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**വായന**


### പ്രകൃതിക്കൊരു പുനർവായന




ഗ്രന്ഥകർത്താ: മാത്യു എം. കുര്യാക്കോസ്
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 180

ഭാവനയും അന്വേഷണവും അന്തർധാരയായി ഒഴുകുന്ന ഈ ജ്ഞാനനദിയിൽ മുങ്ങിനിവരുമ്പോൾ തീർച്ചയായും നമ്മൾ പരിസ്ഥിതിവിവേകത്താൽ അടിമുടി നവീകരിക്കപ്പെടുമെന്ന് ഉറപ്പാണ്. അത്രമേൽ ആത്മാർഥതയുള്ളതും പ്രാണൻ തുടിക്കുന്നതും ചോരയോട്ടമുള്ളതുമായ ഭാഷയും പ്രമേയവും ആഖ്യാനവുമാണ് ഈ പുസ്തകത്തിന്റെ ശക്തി. പരിസ്ഥിതിപ്രശ്നങ്ങളോട് ജാഗ്രതയോടെ ഇടപെടുകയും ഭൂമിക്കുവേണ്ടി സ്നേഹവ്യഗ്രതയോടെ എഴുതുകയും ചെയ്ത ഒരാളുടെ ഹൃദയം ഈ ഗ്രന്ഥത്തിൽ സ്പന്ദിക്കുന്നുണ്ട്.

### പൗരോഹിത്യദർശനങ്ങൾ




ഗ്രന്ഥകർത്താ: ഫാ. കുര്യാക്കോസ് നരിതൂക്കിൽ
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 100

പൗരോഹിത്യം എന്ന ഖജനാവ് തുറന്നുനോക്കാൻ പറ്റിയ താക്കോലാണ് ബഹു. കുര്യാക്കോസ് നരിതൂക്കിലച്ചൻ രചിച്ച പൗരോഹിത്യദർശനങ്ങൾ എന്ന ഗ്രന്ഥം. പൗരോഹിത്യത്തിന്റെ മാഹാത്മ്യം ഇത്ര ഹൃദ്യമായും ഒപ്പം, സ്വയം വിമർശനാത്മകമായും പറഞ്ഞുവച്ചിട്ടുള്ള കൃതികൾ അധികം കാണുകയില്ല. പൗരോഹിത്യത്തെ സ്നേഹിക്കുന്ന ഏതൊരാൾക്കും ഈ ഗ്രന്ഥം ഒറ്റയിരുപ്പിനു വായിച്ചുതീർക്കാൻ സാധിക്കും. എല്ലാ വൈദികർക്കും വഴികാട്ടിയാകേണ്ട ഒരു കനകോപഹാരമാണിത്.

# ലോകചെസിൽ പുതിയ ചാമ്പ്യൻ



സനിൽ പി. തോമസ്

കസഖ്സ്ഥാനിലെ അസ്താനയിൽ പുതിയ ലോക ചെസ് ചാമ്പ്യൻ പിറന്നു. ചൈനയുടെ മുപ്പതുകാരൻ ഡിങ് ലിറൻ ആണ് ലോക ചെസിലെ പുതിയ രാജാവ്. നിശ്ചിത പതിന്നാലു റൗണ്ടിലും (7-7) തുടർന്നു മൂന്നു ടൈബ്രേക്കറിലും സമനില പാലിച്ചശേഷമാണ് നാലാം ടൈ ബ്രേക്കറിൽ റഷ്യയുടെ ഇയാൻ നെപ്പോമ്നിഷി കീഴടങ്ങിയത്. അങ്ങനെ ലോക ചെസ് ചാമ്പ്യൻ പട്ടം കരസ്ഥമാക്കിയ ആദ്യ ചൈനക്കാരനായി ഡിങ് ലിറൻ. റഷ്യയും ചൈനയും ഇന്ന് ഏറെ സൗഹൃദത്തിലായതിനാൽ ഈ പോരാട്ടത്തിന് രണ്ടു രാജ്യങ്ങൾ തമ്മിലുണ്ടായ ആയുധമില്ലാത്ത യുദ്ധത്തിന്റെ പ്രതീതിയില്ലായിരുന്നു.

ലോക റാങ്കിങ്ങിൽ മൂന്നാമനും കഴിഞ്ഞവർഷം നടന്ന കാൻഡിഡോസ് ടൂർണമെന്റിൽ രണ്ടാംസ്ഥാനക്കാരനുമായ ഡിങ് ലിറൻ അവിതർക്കിത ലോക ചാമ്പ്യനാണോയെന്ന സംശയം ചെസ് പണ്ഡിതർ ഉയർത്തുന്നുണ്ട്. ആ സംശയം സ്വാഭാവികമാണ്. വിശ്വനാഥൻ ആനന്ദിൽനിന്ന് 2013 ൽ ലോകകിരീടം പിടിച്ചുവാങ്ങിയ നോർവെയുടെ മാഗ്നസ് കാൾസൻ തുടരെ അഞ്ചുതവണ ലോകചാമ്പ്യനായി. നിലവിലെ ചാമ്പ്യൻ എന്ന നിലയിൽ കാൾസനെ എതിരിടേണ്ടത് കാൻഡിസോസ് ടൂർണമെന്റ് വിജയിയാണ്. അതായത്, ഇയാൻ നെപ്പോമ്നിഷി. എന്നാൽ, കിരീടം നിലനിർത്താനുള്ള പോരാട്ടത്തിനു കാൾസൻ തയ്യാറാകാതെവന്നപ്പോൾ ഡിങ് ലിറന് അവസരം ഒരുങ്ങുകയായിരുന്നു.

ഇന്നും മാഗ്നസ് കാൾസൻ ആണ് ലോകത്തിലെ മികച്ച ചെസ് കളിക്കാരൻ എന്നു വിശ്വസിക്കപ്പെടുന്നു. കാൾസൻ മത്സരിച്ചിരുന്നെങ്കിൽ മത്സരം കൂടുതൽ തീവ്രമാകുമായിരുന്നു. ഗാരി കാസ്പറോവും പിന്നീട്, ആദ്യതവണ നമ്മുടെ വിശ്വനാഥൻ ആനന്ദും ലോകചാമ്പ്യനായപ്പോൾ ഗാരി കാസ്പറോവ് എന്ന സൂപ്പർ താരം പ്രഫഷണൽ ലോകകിരീടവുമായി മാറിനിന്നിരുന്നു എന്നതുപോലൊരു അവസ്ഥ. എന്നാൽ, അമേരിക്കയുടെ ബോബി ഫിഷർ കിരീടം നിലനിർത്താൻ തയ്യാറാകാതെവന്നതുപോലെ വിവാദങ്ങൾക്കൊന്നും മാഗ്നസ് കാൾസൻ തുനിഞ്ഞില്ല. കാൾസന്റെ പ്രതിഭ ഇപ്പോഴും തിളങ്ങിനിൽക്കുമ്പോൾ, ഡിങ് ലിറന്റെ വിജയത്തിനു തിളക്കം കുറയും. പക്ഷേ, ലോകചാമ്പ്യൻ എപ്പോഴും ലോകചാമ്പ്യൻതന്നെ. മാത്രമല്ല, ഫിഡെയും പ്രഫഷണൽ ചെസ് അസോസിയേഷനും എന്ന സമാന്തരസംഘടനകളുടെ കാലമല്ല ഇത്.

ലോകകിരീടം നിലനിർത്താനായി മത്സരിക്കാൻ തനിക്കു പ്രചോദനം ഉണ്ടാകുന്നില്ലെന്നു പറഞ്ഞാണു മാഗ്നസ് കാൾസൻ പിൻവാങ്ങിയത്. ഇതോടെ കാൻഡിഡേറ്റ്സ് ചെസ് ടൂർണമെന്റിലെ ഒന്നും രണ്ടും സ്ഥാനക്കാരെ പങ്കെടുപ്പിച്ച് ലോക ചാമ്പ്യൻ



ഷിപ് നടത്തുകയായിരുന്നു. ഇങ്ങനെയാണ് ലോക രണ്ടാം നമ്പർ നെപ്പോമ്നിഷിയും മൂന്നാം നമ്പർ ലിറനും തമ്മിൽ ത്സരിച്ചത്. ഇലോ റേറ്റിങ്ങിലും നെപ്പോ ഏതാനും പോയിന്റിനു മുന്നിലാണ്. പക്ഷേ, ഒന്നാം നമ്പർ ഇപ്പോഴും മാഗ്നസ് കാൾസൻതന്നെ.

നിശ്ചിത പതിന്നാല് ഗെയിം മത്സരത്തിൽ ആദ്യം ഗെയിം സമനിലയിലായി. രണ്ടാം ഗെയിം റഷ്യൻ താരം ജയിച്ചു. പന്ത്രണ്ടാം ഗെയിമിൽ ഡിങ് ലിറൻ 6-6 സമനില കണ്ടു. അടുത്ത രണ്ടു ഗെയിമും സമനില. (7-7). തുടർന്നാണു റാപ്പിഡ് ഗെയിം ടൈബ്രേക്കർ വന്നത്. അവിടെയും ഇഞ്ചോടിഞ്ചു പോരാട്ടം കണ്ടു. ഒടുവിൽ ഡിങ് കാൾസന്റെ സിംഹാസനത്തിൽ കടന്നിരുന്നു. ജേതാവിന് 10 കോടി രൂപയും രണ്ടാം സ്ഥാനക്കാരന് എട്ടുകോടിയും സമ്മാനം.

ഒരുപക്ഷേ, ചെസിൽ ചൈനയുടെ ചരിത്രം ഇനി മാറുകയാകും. വനിതാ ചെസിൽ ശക്തി തെളിയിച്ച രാജ്യമാണു ചൈന. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിൽ മുക്കാൽഭാഗവും ചൈനക്കാരികളാണു ലോകചാമ്പ്യന്മാർ. ഇപ്പോഴത്തെ ചാമ്പ്യൻ ജവെൻജുനും ചൈനക്കാരിയായിരുന്നു. ഡിങ് ലിറൻ, 2009 ൽ പതിനാറാം വയസിൽ ചൈനയുടെ പ്രായം കുറഞ്ഞ ദേശീയ ചാമ്പ്യനായി. അതേവർഷം ഗ്രാൻഡ് മാസ്റ്ററുമായി. ചെസ് ഒളിമ്പ്യാഡിൽ 2014 ലും 18 ലും ചൈനയുടെ വിജയത്തിൽ പങ്കാളി. 2017-18 ൽ തോൽവിയറിയാതെ മത്സരങ്ങളുടെ സെഞ്ചുറി തികച്ചു. (29 വിജയം 71 സമനില) ഈ റെക്കോർഡ് മാഗ്നസ് കാൾസൻ പിന്നീട് തിരുത്തി. 125 മത്സരങ്ങളിൽ കാൾസൻ തോൽവിയറിഞ്ഞില്ല. (42 ജയം; 83 സമനില.)

ഡിങ് ലിറൻ യഥാർഥത്തിൽ യോഗ്യത നേടിയിരുന്നില്ല എന്ന കാര്യം ചൂണ്ടിക്കാട്ടുമ്പോഴും മുൻലോകചാമ്പ്യൻ, ഇന്ത്യയുടെ വിശ്വനാഥൻ ആനന്ദ് 1970 ൽ ബോബി ഫിഷറുടെ കഥ ഓർമിപ്പിക്കുന്നു. പാൽ ബെങ്കോ മാറിയതുകൊണ്ടാണ് അന്തർമേഖലാ മത്സരങ്ങൾ കളിക്കാൻ ബോബി ഫിഷറിന് അവസരം ഒതുങ്ങിയത്. പക്ഷേ, ഫിഷറുടെ വരവ് ലോക ചെസിന്റെ ഗതിതന്നെ മാറ്റിമറിച്ചുവെന്നതു ചരിത്രം.

''ഉറച്ച അടിത്തറയുള്ള, സാങ്കേതികമികവുള്ള പ്രഫഷണൽ താരമാണ് ഡിങ് ലിറൻ. അദ്ദേഹത്തിന്റെ ഓപ്പണിങ്ങുകൾ എറെ ചിന്തിച്ചുള്ളതും കരുനീക്കങ്ങളുടെ രീതി ആധുനികവുമാണ്.'' വിശ്വനാഥൻ ആനന്ദ് പുതിയ ലോകചാമ്പ്യനെ വിലയിരുത്തി. മത്സരത്തിൽ നെപ്പോയായിരുന്നു മികച്ച കളിക്കാരൻ എന്നു പറയാൻ മടിക്കാത്ത വിശ്വനാഥൻ ആനന്ദ് പക്ഷേ, നെപ്പോയ്ക്കു ദൃഢത കുറവായിരുന്നെന്നും ചൂണ്ടിക്കാട്ടി. പിന്നാക്കം പോയപ്പോൾ സാഹസത്തിനു തയ്യാറായ ഡിങ്ങിനെ അക്കാര്യത്തിൽ ആനന്ദ് അനുമോദിക്കുന്നുണ്ട്. സാഹചര്യത്തിന് അനുസൃതമായി ഉണർന്നുവെന്നു സാരം. റാപ്പിഡ് ഗെയിമിൽ കളി ഏതുവഴിക്കും എപ്പോഴും തിരിയാം. ഇക്കുറി ആ തിരിച്ചിൽ ഡിങ് ലിറന് അനുകൂലമായി, അഥവാ അദ്ദേഹം അത് അനുകൂലമാക്കി.

ലോകകിരീടനേട്ടത്തിലേക്കുള്ള പാതയിൽ കാൾസന്റെ പിൻമാറ്റം മാത്രമല്ല ഡിങ് ലിറനു തുണയായത്. റഷ്യ-യുക്രെയ്ൻ യുദ്ധം കാരണം റഷ്യയുടെ സർജി കുര്യാക്കിനെ കാൻഡിഡേറ്റ്സ്മത്സരങ്ങളിൽനിന്നു ഫിഡെ വിലക്കിയിരുന്നു. മറുവശത്ത് നെപ്പോമ്നിഷിക്കാകട്ടെ ലോകചാമ്പ്യൻഷിപ്പ് ബാലികേറാമലയാകുകയാണ്. ക്ലാസിക്കലും റാപ്പിഡുമെല്ലാം ചേർത്ത് നാല് ചാമ്പ്യൻഷിപ്പ് ഫൈനലുകളിൽ അദ്ദേഹത്തിന്റെ കരുനീക്കം പാളി.

തന്റെ കുറവുകൾ ഉയർത്തിക്കാട്ടിയും കഴിവുകൾ കണ്ടില്ലെന്നു നടിച്ചും നീങ്ങുന്ന ഡിങ് ലിറൻ ചെസിലെ മിതഭാഷിയായ ലോകചാമ്പ്യനാണ്. പക്ഷേ, തന്റെ യാഥാർഥലക്ഷ്യം ലോക കിരീടമല്ല, ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരനാകുക എന്നതാണെന്നു ഡിങ് പറയുമ്പോൾ ആ വാക്കുകളിൽ വിനയം ചാലിച്ച നിശ്ചയദാർഢ്യമുണ്ട്. നെപ്പോവ്നിഷിക്കെതിരേ ലോകകിരീടത്തിനായുള്ള പോരാട്ടത്തിൽ ഒരിക്കലും ലീഡ് നേടാതിരുന്ന ഡിങ് ലിറൻ ഒടുവിൽ, ഏകജയത്തിൽ കിരീടമുറപ്പിക്കുകയായിരുന്നു. കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ ഹിക്കാരു നക്കാമുറയ്ക്കെതിരേയും അവസാന ഗെയിം ജയിച്ചാണ് ഡിങ് രണ്ടാംസ്ഥാനം നേടിയത്. ബുദ്ധിപരമായ കരുനീക്കങ്ങൾക്കപ്പുറം ഭാഗ്യം മാത്രമല്ല, നിർണായകഘട്ടത്തിൽ സാഹസം കാട്ടാനുള്ള മനസ്സും ചാമ്പ്യനെ നിർണയിക്കുന്നു എന്ന് ഡിങ് ലിറൻ ഓർമിപ്പിക്കുന്നു.

